പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3 04-02-2013-ൽ മറുപടിയ്ക്ക്

## തീവ്രവാദ പ്രവർത്തനത്തെക്കുറിച്ചും വർഗീയകലാപങ്ങളെക്കുറിച്ചും ഉള്ള അന്വേഷണങ്ങളിൽ വീഴ്ച

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. എ. പ്രദീപ്കുമാർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തീവ്രവാദപ്രവർത്തനത്തെക്കുറിച്ചും വർഗീയകലാപങ്ങളെക്കുറിച്ചും ഉള്ള അന്വേഷണങ്ങളിൽ വീഴ്ച വരുത്തുന്നത് വൻപ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്കും പുരോഗതിക്കും ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന തീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ചും വർഗ്ഗീയ കലാപങ്ങളെക്കുറിച്ചുമുള്ള അന്വേഷണങ്ങളിൽ വീഴ്ചവരുത്തിയിട്ടില്ല. |
| (ബി) ഈ സർക്കാർ കാസർകോഡ് നടന്ന വർഗീയ കലാപത്തെക്കുറിച്ചുള്ള എൻക്വയറി കമ്മീഷനെ പിൻവലിക്കുകയുണ്ടായോ; ഇതേപോലെ, മറ്റേതെങ്കിലും സംഭവം സംബന്ധിച്ച് തുടരന്വേഷണം ആവശ്യമില്ലെന്ന് തീരുമാനിക്കുകയുണ്ടായോ; | (ബി) കാസർഗോഡ് പോലീസ് വെടിവയ്പ്പ് സംബന്ധിച്ച് അന്വേഷിക്കാൻ നിയോഗിച്ചിരുന്ന ശ്രീ. എം.എ. നിസാർ അന്വേഷണ കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റേതെങ്കിലും അന്വേഷണ കമ്മീഷന്റെ പ്രവർത്തനം ആവശ്യമില്ലെന്ന് ഈ സർക്കാർ തീരുമാനിച്ചിട്ടില്ല. |
| (സി) നാദാപുരത്ത് 5 പേർ ബോംബ് പൊട്ടി കൊലചെയ്യപ്പെട്ട സംഭവം സംബന്ധിച്ച അന്വേഷണം ഇപ്പോൾ നടക്കുന്നുണ്ടോ; | (സി) പ്രസ്തുത കേസ് ഇപ്പോൾ ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരുന്നു. |
| (ഡി) മാറാട് കലാപം സംബന്ധിച്ച് അന്വേഷിച്ച കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ, സി.ബി.ഐ. അന്വേഷണം നടത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) മാറാട് കലാപത്തിനു പിന്നിലെ ഗൂഢാലോചന സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം വേണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ തുടർച്ചയായി നിരസിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച അന്വേഷണം ഒരു പ്രത്യേക അന്വേഷണസംഘത്തെ ഏൽപ്പിച്ചിട്ടുണ്ട്. ക്രൈംസ് വിഭാഗം പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിൽ ഈ സംഘം അന്വേഷണം നടത്തിവരുന്നതിനാൽ സി.ബി.ഐ അന്വേഷണത്തിന് കേന്ദ്ര സർക്കാരിൽ പിന്നീട് സമർദ്ദം ചെലുത്തുകയുണ്ടായില്ല. |

| | |
|---|---|
| (ഇ) വർഗീയ തീവ്രവാദികളെ സംരക്ഷിക്കാനിടയാക്കുന്ന നടപടികൾ പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ ? | (ഇ) വർഗ്ഗീയ തീവ്രവാദികളെ സംരക്ഷിക്കാനിടയാക്കുന്ന ഒരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ